# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3489** **20.06.2019 ലെ മറുപടി**

## പെരിയാർനദി സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പെരിയാർ നദിയിലെ ജലം മലിനമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കമോ; | (ബി) പുറപ്പിള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നീ റഗുലേറ്ററുകൾ ഓരുവെള്ളം തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്. ഇവിടെ അടിയുന്ന മാലിന്യങ്ങൾ വേലിയിറക്ക സമയത്ത് ഷട്ടറുകൾ തുറന്ന് കളയാറുണ്ട്. പെരിയാറിലെ മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച വരുന്നു.<br>1. ബോർഡ് ഏലൂർ-എടയാർ മേഖലയിൽ സർവൈലൻസ് കാര്യാലയം ആരംഭിച്ചു.<br>2. വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനായി പെരിയാർ നദിയുടെ തീരത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. |

3. പെരിയാറിൽ തത്സമയ ജല ഗുണനിലവാര മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ചു.

4. നദിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കി.

5. വ്യവസായ സ്ഥാപനങ്ങളിൽ തത്സമയ ജല ഗുണനിലവാര മോണിറ്ററിംഗ് സംവിധാനം സ്ഥാപിച്ചു.

(സി) ഇതിന്റെ ഫലമായി കൈവരിച്ച നേട്ടങ്ങൾ അറിയിക്കാമോ?

(സി) എടയാർ മേഖലയിൽ അടച്ചുപൂട്ടിപ്പോയ ബിനാനി സിങ്കിൽ സൂക്ഷിച്ചിരുന്ന രാസവസ്തുക്കൾ മഴവെള്ളത്തിൽ കലർന്ന് പുഴയിലേക്ക് ഒഴുകുവാനുള്ള സാഹചര്യം ഉണ്ട ായിരുന്നു. ഇത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകു മെന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് ഈ രാസവസ്തുക്കൾ മറ്റു കമ്പനികൾക്ക് പുനരുപയോഗി ക്കുന്നതിനായി ലേലം ചെയ്തു നൽകി. ബോർഡിന്റെ സത്വരമായ ഇടപെടൽ മൂലം ദ്രവരൂപത്തിലുള്ള രാസപദാർത്ഥങ്ങൾ നീക്കം ചെയ്ത് തുടങ്ങി. മാലിന്യം പുഴയിലേക്ക് എത്തുന്ന സാഹചര്യം ഇതിനാൽ ഒഴിവാക്കുകയുണ്ടായി. ഈ യൂണിറ്റിൽ നിന്നും രാസപദാർത്ഥ ങ്ങൾ ബോർഡിന്റെ നേതൃത്വ ത്തിൽ നീക്കം ചെയ്തു വരുന്നു.

ശ്രീ ശക്തി പേപ്പർ മില്ലിൽ സൂക്ഷിച്ചു വച്ചിരുന്ന പ്ലാസ്റ്റിക് മാലിന്യം പെരിയാറിലേക്ക് എത്തിച്ചേരാതിരിക്കുന്നതിന് ഇവ നീക്കം ചെയ്തു വരുന്നു.

ഹിൻഡാൽകോ കമ്പനിയിൽ Secured Land Fill (SLF) ൽ ഉണ്ടായിരുന്ന രാസവസ്തുക്കൾ SLF ന്റെ കാലപ്പഴക്കം മൂലം മണ്ണിലൂടെ അരിച്ചിറങ്ങി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായി ബോർഡ് ഇടപെട്ടു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രമഫലമായി കമ്പനിയിൽ Secured Land Fill ൽ ഉണ്ടായിരുന്ന അപകടകരമായ sludge പൂർണ്ണമായി പൊതുനിർമ്മാർജ്ജന സ്ഥലമായ എറണാകുളത്തുള്ള Kerala Enviro Infrastructure Limited (KEIL) നീക്കം ചെയ്തു.

സെക്ഷൻ ഓഫീസർ